# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:12.10.2026**

## പ്രധാനവാർത്തകൾ

1. ആരോഗ്യ സ്ഥാപനങ്ങളിൽ സേവനങ്ങളുടെ നിരക്കുകൾ വ്യക്തമായി കാണുന്ന രീതിയിൽ പ്രദർശിപ്പിക്കുന്നെണ്ടെന്ന് ഉറപ്പാക്കാൻ സംസ്ഥാനങ്ങളോടും കേന്ദ്രഭരണപ്രദേശങ്ങളോടും നിർദേശിച്ച് കേന്ദ്രസർക്കാർ.

2. പതിനാറാം കേരളനിയമസഭയുടെ രണ്ടാം സമ്മേളനത്തിൻറെ ആദ്യ ദിനം തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണം, സ്വകാര്യ സർവ്വകലാശാല ബിൽ എന്നിവ സംബന്ധിച്ച രണ്ട് പ്രമേയങ്ങൾ ഇന്ന് പാസ്സാക്കി.

3. വനിതകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കുമായുള്ള കെഎസ്എഫ്ഇയുടെ 'പിങ്ക്' ചിട്ടികളുടെ ഔദ്യോഗിക പ്രഖ്യാപനം മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിച്ചു.

4. ഉല്ലാസ് – നവഭാരത് സാക്ഷരതാ പരിപാടിയിലൂടെ ലക്ഷദ്വീപിനെ സമ്പൂർണ സാക്ഷരത കൈവരിച്ച കേന്ദ്രഭരണ പ്രദേശമായി പ്രഖ്യാപിച്ചു.

RNU TVPM

5. സംസ്ഥാനത്ത് തുലാവർഷം ഉടൻ എത്തുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വെള്ളിയാഴ്ച വരെ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യത.

6. ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് എഫ് സി - മോഹൻ ബഗാൻ സൂപ്പർ ജയൻറ് പോരാട്ടം.

*******************

## ചികിത്സാ നിരക്ക് - കേന്ദ്രം

ആരോഗ്യ സ്ഥാപനങ്ങളിൽ സേവനങ്ങളുടെ നിരക്കുകൾ വ്യക്തമായി കാണുന്ന രീതിയിൽ പ്രദർശിപ്പിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സംസ്ഥാനങ്ങളോടും കേന്ദ്രഭരണപ്രദേശങ്ങളോടും നിർദേശിച്ച് കേന്ദ്രസർക്കാർ. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര ആരോഗ്യ സെക്രട്ടറി പുണ്യ സലീല ശ്രീവാസ്തവ ചീഫ് സെക്രട്ടറിമാർക്ക് കത്തയച്ചു. ഇതിലൂടെ രോഗികൾക്ക് ചികിത്സാ ചെലവ് മനസ്സിലാക്കാനും, ചെലവുകൾ ആസൂത്രണം ചെയ്യാനും സാധിക്കുമെന്ന് കത്തിൽ വ്യക്തമാക്കുന്നു.

RNU TVPM

*******************

## പ്രമേയം-1

പതിനാറാം കേരളനിയമസഭയുടെ രണ്ടാം സമ്മേളനത്തിൻറെ ആദ്യ ദിനം ചട്ടം 118 പ്രകാരമുള്ള രണ്ട് പ്രമേയങ്ങൾ കേരള നിയമസഭ ഇന്ന് പാസ്സാക്കി. തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തനം സുതാര്യമാക്കേണ്ടതിന്റെയും തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണത്തിലെ അപാകതകൾ പരിഹരിക്കേണ്ടതിന്റെയും ആവശ്യകത സംബന്ധിച്ച പ്രമേയം മുഖ്യമന്ത്രി വി. ഡി. സതീശൻ അവതരിപ്പിച്ചു. വോട്ടർ പട്ടികയിൽ നിന്ന് പുറത്താക്കിയ അർഹരായവരെ വീണ്ടും പട്ടികയിൽ ഉൾപ്പെടുത്തണം. കമ്മീഷനെ തിരഞ്ഞെടുക്കാൻ പ്രധാനമന്ത്രി, പ്രതിപക്ഷനേതാവ്, സുപ്രീം കോടതി ചീഫ് ജസ്റ്റിസ്

എന്നിവരെ ഉൾപ്പെടുത്തി സമിതി പുനഃസംഘടിപ്പിക്കണമെന്നും മുഖ്യമന്ത്രി വി ഡി സതീശൻ പ്രമേയത്തിൽ പറഞ്ഞു.

*******************

**റോജി പ്രമേയം ( ഇൻട്രോ )**

രാഷ്ട്രപതിയുടെ പരിഗണനയിലിരിക്കുന്ന കേരള സ്വകാര്യ സർവ്വകലാശാല ബിൽ 2025 മടക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഗവർണർ മുഖേന കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്ന പ്രമേയവും നിയമസഭ പാസ്സാക്കി. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം ജോണാണ് പ്രമേയം അവതരിപ്പിച്ചത്.

( വോയിസ്....)

*******************

**പ്രതിപക്ഷ വാക്കൗട്ട്**

നിയമസഭയിൽ ഇന്ന് പ്രതിപക്ഷ വാക്കൗട്ട്. തിരുവനന്തപുരം യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ നടന്ന അതിക്രമം സംബന്ധിച്ച് അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം നിയമസഭയിൽ നിന്ന് ഇറങ്ങിപ്പോയി. യൂത്ത് കോൺഗ്രസ്- പൊലീസ് ആക്രമണം നടക്കാൻ പാടില്ലാത്തതായിരുന്നുവെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ പറഞ്ഞു. സംഘർഷത്തിൽ ഇരു വിഭാഗത്തിൽ ഉള്ളവർക്കെതിരെയും കേസ് എടുത്തിട്ടുണ്ടെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല മറുപടി നൽകി. മന്ത്രിയുടെ മറുപടിയെ തുടർന്ന് സ്പീക്കർ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധികുകയായിരുന്നു.

RNU TVPM

*******************

**മുഖ്യമന്ത്രി - സഭ ചോദ്യോത്തരവേള**

സംസ്ഥാനത്ത് ക്ഷേമ പദ്ധതികളുടെ കാര്യത്തിൽ ജനങ്ങളെ ചേർത്തു പിടിക്കുന്ന സമീപനമാണ് സർക്കാരിനുള്ളതെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. നിയമസഭയിൽ ചോദ്യോത്തരവേളയിൽ സംസാരിക്കുകയായിരുന്നു

അദ്ദേഹം. കെഎസ്ആർടിസിയുടെ പ്രിയദർശിനി സൗജന്യ യാത്ര പദ്ധതി സ്ത്രീകൾക്കുള്ള സർക്കാരിന്റെ ആദരവാണെന്നും മുഖ്യമന്ത്രി അറിയിച്ചു.

*******************

## ലക്ഷദ്വീപ് പദ്ധതികൾ

ലക്ഷദ്വീപിനെ സമ്പൂർണ സാക്ഷരത കൈവരിച്ച കേന്ദ്രഭരണ പ്രദേശമായി പ്രഖ്യാപിച്ചു. ഉല്ലാസ് – നവഭാരത് സാക്ഷരതാ പരിപാടിയിലൂടെയാണ് അഡ്മിനിസ്ട്രേറ്റർ പ്രഫുൽ പട്ടേൽ പ്രഖ്യാപനം നടത്തിയത്. പ്രത്യേക അധ്യാപന, മൂല്യനിർണയ യജ്ഞങ്ങൾക്കൊടുവിൽ യോഗ്യരായ എല്ലാ പഠിതാക്കളും സാക്ഷരതാ വിലയിരുത്തൽ പരീക്ഷയിൽ വിജയിച്ചു. ലക്ഷദ്വീപ് ഭരണകൂടം പൂർത്തീകരിച്ച വിവിധ പദ്ധതികളും അഡ്മിനിസ്ട്രേറ്റർ പ്രഫുൽ പട്ടേൽ ഓൺലൈനായി ഉദ്ഘാടനം ചെയ്തു.

RNU TVPM

*******************

## കെഎസ്എഫ്ഇ പിങ്ക് ചിട്ടി

വനിതകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കുമായി കെഎസ്എഫ്ഇ അവതരിപ്പിക്കുന്ന പ്രത്യേക സമ്പാദ്യ പദ്ധതി 'പിങ്ക് ചിട്ടികളുടെ ഔദ്യോഗിക പ്രഖ്യാപനം മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിച്ചു. സംസ്ഥാന സർക്കാരിന്റെ സ്ത്രീ ശാക്തീകരണ നയങ്ങളുടെ ഭാഗമായി ദൈനംദിന സമ്പാദ്യത്തിൽ നിന്ന് മികച്ച ഒരു സമ്പാദ്യശീലം വളർത്തിയെടുക്കുന്നതിനും, സുരക്ഷിതമായ നിക്ഷേപത്തിലൂടെ സാമ്പത്തിക സ്വാശ്രയത്വം ഉറപ്പുവരുത്തുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

*******************

## പ്രധാനമന്ത്രി - 25 വർഷങ്ങൾ

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. വഖഫ് (ഭേദഗതി)

നിയമത്തെക്കുറിച്ചാണ് ജനസേവനമാണ് ദേശസേവനം എന്ന പ്രത്യേക പരമ്പരയിൽ, ഇന്ന്. നൂറ്റാണ്ടുകൾ പഴക്കമുള്ള വഖഫ് ഭൂമി സങ്കൽപ്പങ്ങളെ പരിഷ്കരിക്കാൻ ലക്ഷ്യമിട്ടുള്ള സുപ്രധാന നിയമനിർമ്മാണമാണ് വഖഫ് (ഭേദഗതി) നിയമം 2025. വഖഫ് സ്വത്തുക്കൾ കൂടുതൽ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ സഹായിക്കുന്നതിനൊപ്പം, മുസ്‌ലിം സ്ത്രീകൾക്ക് പൈതൃകമായി ലഭിക്കുന്ന സ്വത്തവകാശം ഉറപ്പുവരുത്താനും ഈ നിയമത്തിലൂടെ സാധിക്കുന്നു.

*******************

## സൈബർ കുറ്റകൃത്യങ്ങൾ (ഇൻട്രോ)

സൈബർ സ്റ്റോക്കിങ്ങിന് എതിരെ വനിതാ കമ്മീഷൻ ബോധവൽക്കരണ പരിപാടികൾക്ക് തുടക്കമിടുന്നു.

സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ ഓരോ വർഷവും കൂടി വരുന്ന സാഹചര്യത്തിലാണ് പരിപാടി ആരംഭിക്കുന്നത് . ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്.

(വോയ്സ്)

RNU TVPM

*******************

## കാലാവസ്ഥാ - സംസ്ഥാനം

സംസ്ഥാനത്ത് തുലാവർഷം ഉടൻ എത്താൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഈ മാസം 16 വരെ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. ഇടിമിന്നലിനെതിരെ ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. അതേസമയം, മറ്റന്നാൾ വരെ താപനില ഉയരാൻ സാധ്യതയുള്ളതിനാൽ പകൽ സമയം നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണമെന്നും മുന്നറിയിപ്പുണ്ട്.

*******************

## മൂകാംബിക ( ഇൻട്രോ )

രാജ്യത്ത് നവരാത്രി ആഘോഷങ്ങൾ പുരോഗമിക്കുന്നു. ദക്ഷിണ കർണാടകയിലെ കൊല്ലൂർ മൂകാംബിക ക്ഷേത്രത്തിൽ ആദ്യ ദിനം മുതൽ വലിയ ഭക്തജനത്തിരക്കാണ് അനുഭവപ്പെടുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ.
(വോയിസ്.....)

*******************

## നവരാത്രി ആഘോഷം

സംസ്ഥാനത്തും നവരാത്രി ആഘോഷങ്ങൾക്ക് തുടക്കമായി. പത്മനാഭപുരത്ത് നിന്നുള്ള വിഗ്രഹ ഘോഷയാത്ര ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ എത്തിയതോടെ തിരുവനന്തപുരത്തെ നവരാത്രി ആഘോഷങ്ങൾക്ക് കൊടിയേറി. കണ്ണൂർ കോർപറേഷൻ സംഘടിപ്പിക്കുന്ന കണ്ണൂർ ദസറയ്ക്കും ഇന്ന് തുടക്കമാകും.

*******************

## ഐ എസ് എൽ

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് എഫ് സി-മോഹൻ ബഗാൻ സൂപ്പർ ജയൻറ് പോരാട്ടം. രാത്രി 7.30 ന് ഗുവാഹത്തിയിലാണ് മത്സരം.

*******************

## എക്സാലോജിക് പണമിടപാട്

സിഎം.ആർ.എൽ - എക്സാലോജിക് പണമിടപാട് കേസിൽ FIR രജിസ്റ്റർ ചെയ്യുന്നതിനെതിരെ മുൻ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമായ പിണറായി വിജയൻ അടക്കമുള്ളവർ ഹൈക്കോടതിയിൽ നൽകിയ അപ്പീൽ ഹർജി നാളത്തേക്ക് പരിഗണിക്കാൻ മാറ്റി. കേസിൽ സിംഗിൾ ബെഞ്ച് ഉത്തരവ് റദ്ദാക്കണമെന്നാണ് ഹർജിയിൽ ആവശ്യപ്പെട്ടിരുന്നത്. തങ്ങളുടെ ഭാഗം കേൾക്കാതെയുള്ള ഉത്തരവ് സ്വാഭാവിക നീതിയുടെ നിഷേധമാണെന്നായിരുന്നു വാദം.

*******************

***********

*****

PIU TVPM